<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1818</u> <u>09-12-2022 - ൽ മറുപടിയ്ക്ക്</u>

<u>പൊക്കാളി നെല്ല് സംഭരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൊക്കാളി കർഷകർ ഈ വർഷം ഉല്പാദിപ്പിച്ച നെല്ല് സംഭരിക്കുന്നതിനും പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില പ്രഖ്യാപിക്കുന്നതിനും എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ വെബ് സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ പക്കൽ നിന്നും 2022-2023 സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 28.20 രൂപ നിരക്കിൽ സപ്ലൈകോ പൊക്കാളി നെല്ല് സംഭരിച്ചു വരുന്നു. പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതി പരിശോധിയ്ക്കാവുന്നതാണ്. |
| (ബി) | പൊക്കാളി മേഖലയിലുള്ള ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് നിലവിൽ പൊക്കാളി നെല്ല് സംഭരിക്കുന്നതെന്നും എത്ര രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടിയിലെ കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക്, ഏഴിക്കര പഞ്ചായത്തിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾ വഴി ഒരു കിലോ പൊക്കാളി നെല്ല് 40 മുതൽ 55 രൂപയ്ക്ക് വരെ വിവിധ ഗ്രേഡ് അനുസരിച്ച് സംഭരിച്ചു വരുന്നു. |
| (സി) | പൊക്കാളി നെല്ലിന്റെ ഉല്പാദന ചെലവ് വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കുറഞ്ഞത് എത്ര രൂപയ്ക്ക് സംഭരിച്ചാലാണ് കർഷകന് ലാഭം ഉണ്ടാവുന്നതെന്ന് വിശദമാക്കാമോ; | (സി) | പൊക്കാളി നെല്ലിന്റെ ഉല്പാദന ചെലവ് കണക്കാക്കുന്നതിന് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ആയതിന്റെ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഭരണവില നിശ്ചയിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ പ്രൈസസ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ഡി) | പൊക്കാളി നെല്ല് സംസ്കരിക്കുന്നതിനുള്ള റൈസ് മിൽ പൊക്കാളി മേഖലയിൽ എവിടെയെങ്കിലും പ്രവർത്തിക്കുന്നുണ്ടോ; പുതിയ റൈസ് മിൽ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിവരം നൽകുമോ; | (ഡി) | ഏഴിക്കര പഞ്ചായത്തിൽ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലുള്ള റൈസ് മില്ലിന്റെ പണി പൂർത്തീകരിച്ച് നെല്ലിന്റെ സംസ്കരണം തുടങ്ങിയിട്ടുണ്ട്. ആലങ്ങാട്, വൈപ്പിൻ ബ്ലോക്കുകളിലെ പൊക്കാളി നെല്ല് ഉദയംപേരൂർ പഞ്ചായത്തിലെ കണ്ടനാടുള്ള മില്ലിലാണ് അരിയാക്കുന്നത്. ഈ മില്ലിൽ നെല്ല് പുഴുങ്ങി സംസ്കരിച്ച് അരിയാക്കി നൽകുന്നുണ്ട്. പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് റൈസ് മില്ലിന് |

| | | | |
|---|---|---|---|
| | | | നബാർഡിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. |
| (ഇ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി, എളങ്കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൂടുതലായി ഉല്പാദിപ്പിക്കപ്പെട്ട പൊക്കാളി നെല്ല് കർഷകർക്ക് അർഹമായ വില ലഭ്യമാകാത്തതിനാൽ സംഭരിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് 16.11.2022-ന് വകുപ്പ് മന്ത്രിക്ക് കടമക്കുടി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ഇ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ താഴെ പറയും പ്രകാരം നെല്ല് സംഭരിക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>കടമക്കുടി 50 ടൺ<br><br>ഞാറയ്ക്കൽ 4.3 ടൺ<br><br>നായരമ്പലം 20 ടൺ<br><br>എടവനക്കാട് 8 ടൺ<br><br>കുഴുപ്പിള്ളി 24 ടൺ<br><br>പള്ളിപ്പുറം 6 ടൺ<br><br>എളങ്കുന്നപ്പുഴ പഞ്ചായത്തിൽ പൊക്കാളി നെല്ല് സംഭരിക്കപ്പെടാതെ കിടക്കുന്നില്ല.<br><br>പൊക്കാളി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കടമക്കുടി ഗ്രാമ പഞ്ചായത്ത് ബഹു. കൃഷി വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ